**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3827** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും നിലവിൽ നൽകിയിട്ടുള്ള കണക്ഷനുകൾ എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | പുതുക്കാട് നിയോജക മണ്ഡലത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 95 കിലോമീറ്റർ ബാക്ക്ബോൺ, 104 കിലോമീറ്റർ ആക്സസ് കേബിൾ, പോയിന്റ് ഓഫ് പ്രെസൻസുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. 147 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇൻറർനെറ്റ് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 273 വാണിജ്യ കണക്ഷനുകളും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 6 കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷനും നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ അർഹരായ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും മുൻഗണനാ ക്രമത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മഞ്ഞ അല്ലെങ്കിൽ പിങ്ക് റേഷൻ കാർഡുള്ള കുടുംബങ്ങൾക്ക് അപേക്ഷയുടെ മുൻഗണനാ ക്രമത്തിൽ കെ-ഫോൺ കണക്ഷൻ സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. +91 1800 570 4466 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ടും കേരളത്തിലെ സർക്കാർ ഓഫീസുകൾക്കും, വാണിജ്യ ഉപഭോക്താക്കൾക്കും കെ-ഫോൺ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ